വരുന്നു. പ്രതികൾ നാലുപേരും ആശുപത്രിയിൽ ചികിത്സയിലാണ്. അവരെ അറസ്റ്റ് ചെയ്തിട്ടില്ല. മനു, രഞ്ജിത്ത്, വിപിൻദാസ് എന്നിവർ മുമ്പ് സ്കൂളിൽ പഠിച്ചിരുന്ന സമയത്ത്, ക്ലാസ്സിൽ സംസാരിച്ചതിനും മറ്റ് സഹപാഠികൾക്ക് ശല്യമുണ്ടാക്കിയതിനും ക്ലാസിനുപുറത്ത് നിർത്തിയതിന്റെ വിരോധത്തിലാണ് മൂന്നുപേരും യദുകൃഷ്ണനുമായി ചേർന്ന് അക്രമം നടത്തിയതെന്നാണ് ഹെഡ്മിസ്ട്രസിന്റെ പരാതി. എസ്.സി./എസ്.ടി. (പി. എ.) ആക്ട് (Scheduled Castes and Scheduled Tribes (Prevention of Atrocities) Act) ചേർത്തിട്ടില്ല. കാരണം മൊഴിയിൽ എസ്.സി./എസ്.ടി. (പി. എ.) ആക്ട് ചേർക്കുന്നതിനുള്ള പരാമർശം ഉണ്ടായിരുന്നില്ല.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

(21) അനധികൃത ചിട്ടികളുടെ പ്രവർത്തനങ്ങൾ

ശ്രീ. അൻവർ സാദത്ത്: സർ, സംസ്ഥാനത്ത് അനധികൃതമായി പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന കുറി/ചിട്ടി കമ്പനികളെ നിയന്ത്രിക്കേണ്ടതിന്റെ ആവശ്യകതയെ കുറിച്ചാണ് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്. എന്റെ മണ്ഡലമായ ആലുവയിൽ ചെങ്ങമനാട് പഞ്ചായത്തിൽ ദേശംകുന്നുംപുറത്ത് പ്രവർത്തിച്ചുവന്നിരുന്ന Desom Kuries and Investments എന്ന സ്ഥാപനത്തിന്റെ ഉടമസ്ഥനായ സുനിൽ ദേവസ്സിയും അദ്ദേഹത്തിന്റെ കുടുംബവും നിക്ഷേപകരെ കബളിപ്പിച്ചുകൊണ്ട് ആ പ്രദേശത്തുനിന്നും മുങ്ങിയിരിക്കുന്ന ഒരു സാഹചര്യമാണ് എന്റെ നാട്ടിലുണ്ടായിരിക്കുന്നത്. ഇവർ കോടിക്കണക്കിന് രൂപയാണ് നിക്ഷേപകരെ വഞ്ചിച്ചുകൊണ്ട് പോയിരിക്കുന്നത്. ഏകദേശം അഞ്ഞൂറോളം ആളുകളാണ് ഈ ചിട്ടി കമ്പനിമൂലം വഞ്ചിതരായിരിക്കുന്നത്. ഇവരെ അടിയന്തരമായി അറസ്റ്റ് ചെയ്ത് നിക്ഷേപകരുടെ പണം തിരികെ നൽകാനാവശ്യമായ നടപടികൾ സ്വീകരിക്കണം. കേരളത്തിൽ അനധികൃതമായി ഇതുപോലെ ചിട്ടി/കുറി സ്ഥാപനങ്ങൾ നടത്തുന്ന കാര്യം പല അംഗങ്ങളും സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. ചിട്ടി ആക്ടിന് വിരുദ്ധമായി ജനങ്ങളെ കബളിപ്പിച്ച് പണം തട്ടുവാൻ വേണ്ടി അനധികൃതമായി നടത്തുന്ന കുറി/ചിട്ടി കമ്പനികളെ നിയന്ത്രിക്കാനാവശ്യമായ അടിയന്തര നടപടി സർക്കാർ സ്വീകരിക്കണം. ഈ കേസ് ഡിവൈ.എസ്.പി. റാങ്കിലുള്ള ഉന്നത ഉദ്യോഗസ്ഥരടങ്ങിയ ഒരു സ്പെഷ്യൽ ടീമിനെവച്ച് അന്വേഷിപ്പിക്കാൻ ബഹുമാനപ്പെട്ട മന്ത്രിയോട് ഞാൻ അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, സംസ്ഥാനത്ത് അനധികൃത ചിട്ടി കമ്പനികൾ നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ അവയ്ക്കെതിരെ 1982-ലെ കേന്ദ്ര ചിട്ടി ആക്ട്, കേരള ചിട്ടി റൂൾസ്, Kerala Money Lenders Act, Prohibition of Exorbitant Interest Act, Prize Chits And Money Circulation (Banning) Act, ഐ.പി.സി.-യിലെ ബന്ധപ്പെട്ട വകുപ്പുകൾ പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് ശക്തമായ നിയമ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അത്തരം അനധികൃത സ്ഥാപനങ്ങളും അവയുടെ ബ്രാഞ്ചുകളുമുൾപ്പെടെ 125 സ്ഥാപനങ്ങൾക്കെതിരെ കേസ് രജിസ്റ്റർ ചെയ്ത് നിയമ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഡെപ്യൂട്ടി സ്പീക്കർ ശ്രീ. എൻ. ശക്തന്റെ നിയോജക മണ്ഡലത്തിലും വളരെ ശക്തമായ ഒരു കേസ്സെടുത്ത് പ്രതികളെ കണ്ടെത്തുകയും നിക്ഷേപകരുടെ തുക തിരിച്ചുകൊടുക്കാനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ഇവിടെ ആലുവ ചെങ്ങമനാട് ഗ്രാമപഞ്ചായത്തിൽ ഏകദേശം മൂപ്പത് വർഷമായി Desom Kuries and Investments എന്ന പേരിൽ ഒരു കുറി കമ്പനി നടത്തിവരുന്ന സുനിൽ ദേവസ്സി എന്നയാൾ കുറി കമ്പനിയിൽ നിക്ഷേപിച്ച പണം തിരികെ നൽകാതെ ചതിച്ചു എന്നാരോപിച്ച് കമ്പനിയിലെ നിക്ഷേപകരായ രാഹുൽ, പൊറ്റയിൽ ഹൗസ്, കപ്രാശ്ശേരിക്കര എന്നയാൾ 16-12-2014-ന് ചെങ്ങമനാട് പോലീസ് സ്റ്റേഷനിൽ പരാതിപ്പെട്ടു. പരാതിയുടെ അടിസ്ഥാനത്തിൽ സുനിൽ ദേവസ്സിയെ പ്രതിയാക്കി IPC 406, 420 എന്നീ വകുപ്പുകൾ പ്രകാരം ക്രൈം നമ്പർ 1322/2014 - ആയി കേസ് രജിസ്റ്റർ ചെയ്തു. കേസ് ചെങ്ങമനാട് പോലീസ് സബ് ഇൻസ്പെക്ടർ അന്വേഷിച്ചുവരുന്നു. പലരും ഒളിവിലായതിനാൽ ആരേയും അറസ്റ്റ് ചെയ്യാൻ കഴിഞ്ഞിട്ടില്ല. പോലീസ് ഈ സ്ഥാപനത്തിൽ റെയ്ഡ് നടത്തി നിക്ഷേപകരിൽനിന്നും വാങ്ങി സൂക്ഷിച്ച 37 ചെക്കുകളും 55 മുദ്രപ്പത്രങ്ങളും പിടിച്ചെടുത്തിട്ടുള്ളതാണ്. കമ്പനി ഇതുവരെ 375 നിക്ഷേപകരിൽനിന്നും ഏകദേശം 1.96 കോടി രൂപ കൈപ്പറ്റിയിട്ട് പണം തിരികെ നൽകാതെ കബളിപ്പിച്ചതായി പരാതി ലഭിച്ചിട്ടുണ്ട്. ഒളിവിൽ കഴിയുന്ന പ്രതിയെ അയാളുടെ ബന്ധുവീടുകളിലുംമറ്റും അന്വേഷിച്ചുവരുന്നു. സൈബർ സെല്ലിന്റെ സഹായത്തോടെ പ്രതിയുടെ മൊബൈൽ ഫോണിന്റെ ലൊക്കേഷൻ കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ബഹുമാനപ്പെട്ട എം.എൽ.എ. ശ്രീ. അൻവർ സാദത്തിന്റെ ആവശ്യപ്രകാരം ഡിവൈ.എസ്.പി.-യുടെ നേതൃത്വത്തിൽ സ്പെഷ്യൽ ടീമിനെ വച്ച് ഈ കേസ് അന്വേഷിക്കുന്നതാണ്.